# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## 2019 ഒക്ടോബർ 30-ന് സഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

ഇന്ത്യൻ പാർലമെന്റിൽ ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ (ആർ.സി.ഇ.പി.) ഒപ്പുവെക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം രാജ്യത്താകെ വലിയ ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒരു വിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യ ങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകിവ ന്നാൽ നമ്മുടെ കാർഷിക മേഖലയും ചെറുകിട വ്യവസായ മേഖലയും ക്ഷീര-മത്സ്യബന്ധന മേഖലകളും ആരോഗ്യമേഖലയും വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹി കവുമായ പ്രതിസന്ധിയുമായിരിക്കും ഈ കരാറിന്റെ ഫലമെന്ന് വ്യക്തമാണ്.

നവ ഉദാരവത്കരണത്തിന്റെ ഭാഗമായുള്ള ഇന്ത്യ-ആസിയാൻ കരാർ നിലനിൽക്കെയാണ് ആസിയാനും അവരുടെ വ്യാപാര പങ്കാളികളായ ചൈന, തെക്കൻ കൊറിയ, ജപ്പാൻ, ഓസ്ട്രേലിയ, ന്യൂസിലന്റ് എന്നീ രാജ്യങ്ങളും ഉൾപ്പെടുന്ന മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ അംഗമാകുന്നത് ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയേയുള്ളൂ.

ദീർഘകാല തോട്ടവിളകളായ റബ്ബർ, കാപ്പി, തേയില എന്നിവയും കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജന വിളകളും സ്വതന്ത്ര വ്യാപാര കരാറുകൾ മൂലമുള്ള അനിയന്ത്രിത ഇറക്കുമതി കാരണം ആഭ്യന്തര വിപണിയിൽ വിലയിടിവ് നേരിടുകയാണ്. ഇപ്പോൾ തന്നെ പാംഓയിലിന്റെ ഇറക്കുമതി വെളിച്ചെണ്ണയുടെയും നാളികേര ഉൽപ്പന്നങ്ങളുടെയും വിലയിടിവിന് പ്രധാന കാരണമായിട്ടുണ്ട്.

ആർ.സി.ഇ.പി.യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തെയും വൻ വിലത്തകർച്ചയെയും നേരിടേണ്ടിവരും.

ന്യൂസിലന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. കാർഷികരംഗത്ത് വിലത്തകർച്ച ഉണ്ടായപ്പോൾ കർഷകരെ ഒരു പരിധിവരെ സംരക്ഷിച്ചത് ക്ഷീര മേഖലയാണ്. അനിയന്ത്രിതമായ പാൽ, പാലുൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്ന ആശങ്ക തികച്ചും ന്യായമാണ്.

ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിലെത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപാദന രംഗത്തും അവശ്യസാധന മേഖലയിലും അനിയന്ത്രിത വിലക്കയറ്റമുണ്ടാകും

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യമുണ്ടായാൽ, അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവുമില്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും.

ആസിയാൻ രാജ്യങ്ങളിലെയും ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെയും ബഹുരാഷ്ട്ര കുത്തകകൾ ആർ.സി.ഇ.പി സ്വതന്ത്ര വ്യാപാര കരാറിന്റെ മറവിൽ നമ്മുടെ ചെറുകിട വ്യാപാരരംഗം തകർക്കുമെന്നുറപ്പാണ്. ഈ പ്രത്യാഘാതങ്ങൾ നമ്മുടെ രാജ്യത്തിന് താങ്ങാനാവില്ല.

അതിനാൽ, രാജ്യത്തിന്റെ വിശാലമായ താൽപര്യവും ഭാവിയും കണക്കിലെടുത്ത് ആർ.സി.ഇ.പി കരാറിൽ ഒപ്പുവെക്കാനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*